**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2055** | **04.11.2019-ൽ മറുപടിക്ക്** |
|---|---|
| **മുതിർന്ന പൗരന്മാരുടെ ക്ഷേമം** | |
| **ചോദ്യം**<br>**ശ്രീ. പി.ടി.എ. റഹീം**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീമതി.പി. അയിഷാ പോറ്റി** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരന്മാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | മുതിർന്ന പൗരന്മാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് The Maintenance and Welfare of Parents and Senior Citizens Act, 2007 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചു വരുന്നു. Kerala Maintenance and Welfare of Parents and Senior Citizens Act, 2009 പ്രകാരം മുതിർന്ന പൗരന്മാരുടെ ജീവനും, സ്വത്തിനും, സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് പോലീസിന്റെ കർത്തവ്യങ്ങളെക്കുറിച്ച് പോലീസ് ആസ്ഥാനത്തെ 11.03.2010 തീയതിയിലെ സർക്കുലർ നം.16/2010 പ്രകാരം നിർദ്ദേശങ്ങൾ എല്ലാ യൂണിറ്റ് മേധാവികൾക്കും നൽകിയിട്ടുണ്ട്. മുതിർന്ന പൗരന്മാർ മാത്രം താമസിക്കുന്ന വീടുകളിൽ അവർക്ക് ഏതെങ്കിലും വിധത്തിലുള്ള അപകട സാദ്ധ്യതകളുണ്ടായാൽ അടിയന്തര ഘട്ടങ്ങളിൽ അടുത്ത വീട്ടുകാരെയോ, പൊതുജനങ്ങളെയൊ, അറിയിക്കുന്നതിന് അത്തരം വീടുകളിൽ സർക്കാരിന്റെ 'Bell of Faith' പദ്ധതിയുടെ ഭാഗമായി അവർക്ക് സ്വയം പ്രവർത്തിക്കാവുന്ന അലാറം സ്ഥാപിച്ചിട്ടുണ്ട്.<br>മുതിർന്ന പൗരന്മാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ഓരോ പോലീസ് സ്റ്റേഷനുകളിലേയും SI/Additional SI/ASI എന്നിവരിൽ ആരെയെങ്കിലും മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി designate ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>മുതിർന്ന പൗരന്മാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ട |
| (ബി) | തങ്ങളുടെ അധികാരപരിധിയിൽ താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ അതത് പോലീസ് സ്റ്റേഷനുകൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം പോലീസ് ആസ്ഥാനത്തെ S1/204595/17 dated 30.01.2018 പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സന്ദേശത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു.<br>1. പോലീസ് ഉദ്യോഗസ്ഥർ അതാതു പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന മുതിർന്ന പൗരന്മാരുമായി ഇടപെടുക<br>2. വീടുകൾ സന്ദർശിക്കുക<br>3. ആഴ്ചയവസാനം പരിപാടികൾ സംഘടിപ്പിക്കുക<br>4. മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും സഹായിക്കുകയും ചെയ്യുക<br>5. പോലീസിനെ പെട്ടെന്ന് ബന്ധപ്പെടാനുള്ള Hotline system നടപ്പിലാക്കുക<br>6. പോലീസിംഗിനു പുരോഗതിയുണ്ടാക്കാൻ മുതിർന്ന പൗരന്മാരുടെ ഉപദേശങ്ങൾ സ്വീകരിക്കുക<br>മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുണ്ട്. അതാത് ബീറ്റ് ഏര്യകളിൽപ്പെട്ട സ്ഥലങ്ങളിൽ ബീറ്റ് ഓഫീസർമാർ മുതിർന്ന പൗരന്മാരുടെ ഭവനങ്ങൾ സന്ദർശിക്കുകയും, അവരുടെ പരാതികൾക്ക് അടിയന്തിര പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ പരിധികളിലും ഉൾപ്പെട്ടിട്ടുള്ള മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ച് ആയത് രജിസ്റ്റർ ഓഫ് സീനിയർ സിറ്റിസണിൽ സൂക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും വയോജന സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | 2018-19 സാമ്പത്തിക വർഷത്തിൽ "Innovative Scheme for Senior Citizen Helpline (Neighbourhood watch Hotline etc) in at least 6 districts, consultation programme" ന് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഇതേ സ്കീം നടപ്പിലാക്കുവാനായി 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് കാര്യക്ഷമമായി |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്നു. ഇവരുടെ ക്ഷേമകാര്യങ്ങൾ നോക്കുന്നതിനും മറ്റുമായി പോലീസ് സ്റ്റേഷനുകളിൽ "Elder Friendly Officer" മാരെ നിയമിച്ചിട്ടുണ്ട്. വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാളണ്ടിയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുളളതും, വൃദ്ധജനങ്ങളുടെ പേരും, നമ്പരുകളും ശേഖരിച്ച് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുമുണ്ട്. കൂടാതെ രാത്രികാല പട്രോളിംഗ് നടത്തുന്ന സമയം മുതിർന്ന പൗരന്മാർ ഒറ്റയ്ക്കു താമസിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**